# പതിനഞ്ചാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം** **21.06.2024-ൽ മറുപടിക്ക്**
**നമ്പർ - *175**

## ഓൺലൈൻ തട്ടിപ്പുകളെക്കുറിച്ച് ബോധവൽക്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. യു. എ. ലത്തീഫ്<br>ശ്രീ. എ. കെ. എം. അഷ്റഫ്** | | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രതിമാസം പതിനഞ്ച് കോടിയോളം രൂപ ഓൺലൈൻ തട്ടിപ്പിലൂടെ നഷ്ടപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | കണ്ടെത്തിയിട്ടുണ്ട്. 2023 ഡിസംബർ മുതൽ 2024 മെയ് വരെയുള്ള കാലയളവിൽ രജിസ്റ്റർ ചെയ്ത FIR പ്രകാരം ഇത്തരത്തിൽ നഷ്ടപ്പെട്ട തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓൺലൈൻ തട്ടിപ്പുകളെക്കുറിച്ച് സമൂഹത്തിൽ ബോധവൽക്കരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | അനുദിനം മാറിക്കൊണ്ടിരിക്കുന്ന വിവര സാങ്കേതിക വിദ്യയുടെ വ്യാപനം നിമിത്തം കുറ്റകൃത്യങ്ങളുടെ സ്വഭാവത്തിൽ ഉണ്ടായ മാറ്റം വളരെ വലുതാണ്.<br><br>ലോകത്തിന്റെ ഏതുകോണിലിരുന്നും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടാമെന്നത് അന്വേഷണ സംവിധാനങ്ങൾക്ക് വലിയ വെല്ലുവിളിയാണ് |

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കുന്നത്. ഇന്ത്യയിൽ ഒട്ടാകെ സൈബർ കുറ്റകൃത്യങ്ങൾ വലിയതോതിൽ വർദ്ധിച്ചുവരുന്ന പ്രവണതയാണ് നിലനിൽക്കുന്നത്.<br><br>ഡാർക്ക് വെബ്ബിലൂടെ നടക്കുന്ന ഇത്തരം കുറ്റകൃത്യങ്ങൾ വർദ്ധിച്ച സാഹചര്യത്തിലാണ് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ അതിവേഗം കണ്ടെത്തുന്നതിനുമായി പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഒരു സൈബർ പോലീസ് ഡിവിഷൻ ആരംഭിച്ചത്.<br><br>കുറ്റാന്വേഷണത്തോടൊപ്പം പോലീസിന്റെ സോഷ്യൽ മീഡിയ സെന്റർ വഴി ടെലിവിഷൻ ചാനലുകളിലൂടെയും പോലീസിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ മുഖാന്തിരവും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്.<br><br>ഓൺലൈൻ തട്ടിപ്പുകളും ചതിക്കുഴികളും സംബന്ധിച്ച നിരവധി പോസ്റ്റുകളും വീഡിയോകളും ഇതിനകം ജനങ്ങളി |

| | | | |
|---|---|---|---|
| | | | ലേക്കെത്തിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ ഓൺലൈൻ ക്ലാസുകൾ കേരള പോലീസിന്റെയും സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെയും ഫേസ് ബുക്ക് അക്കൗണ്ടിലൂടെ തൽസമയം സംപ്രേഷണം ചെയ്തുവരുന്നു.<br><br>സൈബർ പോലീസ് ഡിവിഷൻ നിർമ്മിച്ച നാല് ലഘുചിത്രങ്ങൾ പ്രകാശനം ചെയ്ത് സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കുന്നു. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തംഗങ്ങൾക്കും എല്ലാ ജില്ലകളിലെയും സൈബർ വോളണ്ടിയർമാർക്കും വാട്സാപ്പിലൂടെ പൊതുജനങ്ങളുടെ അറിവിലേക്ക് പ്രചരിപ്പിക്കുന്നതിനായി ഇവ നൽകിവരുന്നു. |
| (സി) | ഓൺലൈൻ തട്ടിപ്പുകൾ തടയുന്നതിനായി പോലീസ് സൈബർ സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | (സി) | ഓൺലൈൻ ലോൺ തട്ടിപ്പുകളെ കുറിച്ച് വിവരം നൽകുന്നതിനായി കേരള പോലീസിന്റെ 9497980900 എന്ന വാട്സ്ആപ്പ് നമ്പറും 1930 എന്ന ടോൾ ഫ്രീ നമ്പറും 24 മണിക്കൂറും ലഭ്യമാണ്.<br><br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അംഗീകരിച്ച നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കോർപ്പറേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട |

| | | | |
|---|---|---|---|
| | | | ലോൺ ആപ്പകളെ കുറിച്ചും ഓൺലൈൻ ലോൺ തട്ടിപ്പകളെക്കുറിച്ചും ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് മുഖ്യധാരാ മാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും പ്രചരണ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br><br>സൈബർ ഓപ്പറേഷൻസ് വിഭാഗവും സൈബർ ഡോം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് യൂണിറ്റുകളും സൈബർ പട്രോളിംഗ് നടത്തി സൈബർ തട്ടിപ്പ് സംഘങ്ങളെ കണ്ടെത്തി സൈബർ സ്പേസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നതാണ്.<br><br>സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നാഷണൽ സൈബർ ക്രൈം പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. 1930 എന്ന നമ്പരിൽ നിന്നും പോർട്ടൽ മുഖേന (www.cybercrime.gov.in) ഓൺലൈനായും പൊതുജനങ്ങൾക്ക് പരാതി അറിയിക്കാവുന്നതാണ്. സാമ്പത്തിക തട്ടിപ്പുകളുമായി ബന്ധപ്പെട്ട് അന്വേഷണ ഏജൻസികളും ബാങ്കുകൾ, RBI, സാമ്പത്തിക ഇടനിലക്കാർ, പേയ്മെന്റ് വാലറ്റുകൾ, NPCI മുതലായവ |

| | | | |
|---|---|---|---|
| | | | ഒരുമിച്ച് പ്രവർത്തിക്കുന്ന ഒരു പൊതു സംയോജിത പ്ലാറ്റ്ഫോമാണ് നാഷണൽ സൈബർ ക്രൈം പോർട്ടൽ. തട്ടിപ്പുകാരിലേക്ക് പോകുന്ന പണത്തിന്റെ ഒഴുക്ക് തടയുന്നതിന് ദ്രുതഗതിയിലുള്ള നടപടി സ്വീകരിക്കാൻ ഇതുവഴി കഴിയുന്നു.<br><br>കൂടാതെ സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ സജ്ജരാക്കുന്നതിനായി പോലീസ് ട്രെയിനിംഗ് കോളേജിലും, സൈബർ ക്രൈമുമായി ബന്ധപ്പെട്ട കോഴ്സുകൾ നിരന്തരം നടത്തി വരുന്നു. സൈബർ ഇടപാടുകളിലെ ചതിക്കുഴികളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി പത്ര - ദൃശ്യമാധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും, വിവിധ സാമൂഹ്യ സംഘടനകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികളും ക്ലാസുകളും നടത്തി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| സംസ്ഥാനത്ത് പ്രതിമാസം ഓൺലൈൻ തട്ടിപ്പിലൂടെ പണം നഷ്ടപെട്ടതിന്റെ വിവരം (15 കോടി രൂപയ്ക്ക് മുകളിൽ) | | | |
|---|---|---|---|
| **Sl No.** | **Month** | **Amount Lost** | **Amount Recovered** |
| 1 | December 2023 | 543112232 | 7341160.14 |
| 2 | January 2024 | 328468291 | 8457843.12 |
| 3 | February 2024 | 1268659384 | 18709150.25 |
| 4 | March 2024 | 861131348 | 16553006.1 |
| 5 | April 2024 | 1362860365 | 33065853.89 |
| 6 | May 2024 | 1811720351 | 12590246.32 |

Rejily

സെക്ഷൻ ഓഫീസർ